മത്സ്യ വിപണനത്തിലേർപ്പെട്ടിട്ടുള്ള സ്ത്രീകൾക്ക് വായ്പാ സഹായം

31 [5407] ശ്രീ. കെ. മുഹമ്മദാലി:
ശ്രീമതി രാധാരാഘവൻ:
ശ്രീ. ഡി. സുഗതൻ:
,, വർക്കല കഹാർ:
,, പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യ വിപണനത്തിലേർപ്പെട്ടിട്ടുള്ള സ്ത്രീകൾക്ക് വായ്പാ സഹായം നൽകുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം എന്തു തുകയാണ് വായ്പ കൊടുക്കുന്നത്;

(സി) നടപ്പുവർഷം എത്ര പേർക്ക് വായ്പ നൽകുവാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) മത്സ്യ വിപണനത്തിലേർപ്പെട്ടിട്ടുള്ള സ്ത്രീകൾക്ക് പ്രവർത്തന മൂലധനമായി വനിതാ ബാങ്കുകൾവഴി വായ്പാസഹായം നൽകി വരുന്ന ഒരു പദ്ധതിയും മത്സ്യഫെഡ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന എൻ. സി. ഡി. സി. ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി 2001-02 പ്രകാരം മത്സ്യ വിപണനത്തിലേർപ്പെട്ടിട്ടുള്ള സ്ത്രീകൾക്ക് വായ്പ നൽകുന്നതിനുള്ള പദ്ധതിയും നിലവിലുണ്ട്.

(ബി) വനിതാ ബാങ്കുകൾവഴി ഒരാൾക്ക് 5,000 രൂപയും മത്സ്യഫെഡ് ഒരാൾക്ക് 4,000 രൂപയും വായ്പയായി അനുവദിക്കുന്നു.

(സി) നടപ്പുവർഷം വനിതാ ബാങ്കുകൾ 400 പേർക്കും മത്സ്യഫെഡ് 5,000 മത്സ്യ തൊഴിലാളി സ്ത്രീകൾക്കും വായ്പ വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു.

മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് സ്വയംതൊഴിൽ കണ്ടെത്തൽ പദ്ധതി

32 [5408] ഡോ. തോമസ് ഐസക്:
ശ്രീ. എം. വി. ജയരാജൻ:
,, കെ. വി. കുഞ്ഞിരാമൻ:
,, പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് സർക്കാർ പ്രഖ്യാപിച്ച സ്വയംതൊഴിൽ കണ്ടെത്തൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇതുവഴി എത്ര മത്സ്യത്തൊഴിലാളി സ്ത്രീകൾ പുതുതായി സ്വയംതൊഴിൽ കണ്ടെത്തുകയുണ്ടായി;

(സി) ഈ പദ്ധതിയുടെ നടത്തിപ്പിനായി ഈ സർക്കാരിന്റെ ആദ്യ ബഡ്ജറ്റിൽ എന്തു തുക വകയിരുത്തുകയുണ്ടായി; എന്തു തുക ആ വർഷം ചെലവഴിക്കുകയുണ്ടായി;

(ഡി) ഈ വർഷം ഈ പദ്ധതിക്ക് എന്തു തുക വകയിരുത്തിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് വേണ്ടി സർക്കാർ പ്രഖ്യാപിച്ച സ്വയംസഹായ സംഘങ്ങൾ വഴിയുള്ള സഹായം എത്ര പേർക്ക് ലഭ്യമാക്കുകയുണ്ടായി?

ഉത്തരം

(എ) ഈ പദ്ധതി 2002-03 മുതൽ ഫിഷറീസ് വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) തുകയൊന്നും വകയിരുത്തിയിരുന്നില്ല.

(ഡി) 1 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ഇ) ഈ പദ്ധതി പ്രകാരം 2,500 പേർക്ക് സ്വയംതൊഴിൽ സാദ്ധ്യത ലക്ഷ്യമിട്ടിട്ടുണ്ടെങ്കിലും ടി പദ്ധതി ഇതുവരെയും നടപ്പിലാക്കിയിട്ടില്ല.

മത്സ്യബന്ധനത്തിനിടെ കാണാതാകുകയും മരണപ്പെടുകയും ചെയ്യുന്നവരുടെ ആശ്രിതർക്ക് നൽകുന്ന ആനുകൂല്യങ്ങൾ

33 [5409] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ എത്ര മത്സ്യത്തൊഴിലാളികൾക്ക് മത്സ്യ ബന്ധനത്തിനിടെ ഗുരുതരമായി പരിക്കേറ്റു എന്നും എത്ര പേരുടെ മൃതദേഹങ്ങൾ കിട്ടാതായിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) മേൽപ്പറഞ്ഞ രീതിയിൽ ഉള്ള അത്യാഹിതങ്ങൾ നേരിട്ടവരുടെ ആശ്രിതർക്ക് ഇക്കാലയളവിൽ എത്ര തുക നൽകിയെന്നും ഇനിയെത്ര തുക നൽകുവാനുണ്ടെന്നും അറിയിക്കാമോ;

(സി) മത്സ്യബന്ധനത്തിനിടെ കടലിൽവച്ച് മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ഇപ്പോൾ നൽകിവരുന്ന ആനുകൂല്യങ്ങളെന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) മത്സ്യബന്ധനത്തിനിടെ ഗുരുതരമായി പരിക്കേൽക്കുകയോ അംഗഭംഗം വരികയോ ചെയ്യുന്നവർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ഇ) ഇപ്പോൾ നൽകിവരുന്ന പ്രസ്തുത ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(എഫ്) കടലിൽവച്ച് മത്സ്യബന്ധനത്തിനിടെ കാണാതാകുകയും പിന്നാലെ അവരുടെ മൃതദേഹം കിട്ടാതെ വരുകയും ചെയ്തിട്ടുള്ള എത്ര സംഭവങ്ങൾ കഴിഞ്ഞ 5 വർഷത്തിനിടയിൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും അത്തരം കേസുകളിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും അവരുടെ ആശ്രിതർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിയെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) മത്സ്യബന്ധനത്തിനിടെ ഗുരുതരമായി പരിക്കേറ്റ് 85 പേർ മരിച്ചിട്ടുണ്ട്. ആറു പേരുടെ മൃതദേഹങ്ങൾ കിട്ടാതായിട്ടുണ്ട്.

(ബി) 1,95,000 രൂപ നൽകി. ഇനി 89,05,000 രൂപ നൽകാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly